ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. അഞ്ചു രാഷ്ട്രങ്ങളിലെ സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി ഇന്ന് ഘാനയിൽ. ബ്രസീൽ, അർജൻറീന, ട്രിനിഡാഡ് ആൻറ് ടുബാഗോ, നമീബിയ എന്നീ രാജ്യങ്ങളിലെ സന്ദർശനം ഈ മാസം 9 വരെ നീളും.

   **PM Begins Five-Nation Tour with First Stop in Ghana; Visits to Brazil, Argentina, Trinidad & Tobago, and Namibia to Continue Until July 9.**

2. ഇഎൽഐ പദ്ധതിയുടെ അടുത്ത നാലു വർഷത്തിനുള്ളിൽ ജീവനക്കാർക്കും തൊഴിലുടമകൾക്കും ഒരു ലക്ഷം കോടി രൂപ നൽകുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   **Centre to Disburse ₹1 Lakh Crore to Employees and Employers Under ELI Scheme in Next Four Years, says Union Minister Mansukh Mandaviya.**

3. സെനറ്റ് ഹാളിലെ ഭാരതാംബ ചിത്ര വിവാദത്തിൽ കേരള സർവകലാശാല രജിസ്ട്രാർക്ക് സസ്പെൻഷൻ. വൈസ് ചാൻസലർ അമിതാധികാരം ഉപയോഗിച്ചതായി മന്ത്രി. ആർ. ബിന്ദു.

   **Kerala University Registrar Suspended Over Bharat Mata Portrait Row in Senate Hall; Minister R. Bindu Accuses VC of Overreach.**

4. അന്താരാഷ്ട്ര അണവോർജ്ജ ഏജൻസിയുമായി സഹകരണം നിർത്തിവെയ്ക്കാൻ ഇറാൻ തീരുമാനിച്ചു. പാർലമെൻറ് പാസാക്കിയ നിയമത്തെ തുടർന്ന് പ്രസിഡൻറ് ഉത്തരവിൽ ഒപ്പു വച്ചു.

   **Iran Decides to End Cooperation with International Atomic Energy Agency Following New Law Signed by President.**

5. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 2 വിക്കറ്റ് നഷ്ടമായി.

**India's First Innings Underway Against England in Birmingham Test; Two Wickets Down.**

&&&&&&&&&&&&&&&&&

## HEAD LINE – 1

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശപര്യടനത്തിന് ഇന്ന് തുടക്കമായി. പര്യടനത്തിന്റെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി ഇന്ന് ഘാനയിലെത്തും. ഘാന പ്രസിഡന്റ് ജോൺ ഡ്രമാനി മഹാമയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഘാന പാർലമെൻറിനെയും അദ്ദേഹം അഭിസംബോധന ചെയ്യും. ഈ മാസം 9 വരെയുള്ള പര്യടനത്തിന്റെ ഭാഗമായി ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങളും അദ്ദേഹം സന്ദർശിക്കും. ബ്രസീലിലെ റിയോ ഡി ജനറോയിൽ ഈ മാസം 6-7 തീയതികളിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും. രാജ്യങ്ങൾക്കിടയിലെ സജീവ സഹകരണത്തിനുള്ള വേദിയായാണ് ബ്രിക്സ് കൂട്ടായ്മയെ ഇന്ത്യ നോക്കിക്കാണുന്നതെന്ന് സന്ദർശനത്തിന് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## JAISHANKAR - PHILIPPINES FM

ഫിലിപ്പീൻസിന്റെ വിദേശകാര്യ സെക്രട്ടറിയായി നിയമിതയായ മരിയ തെരേസ ലസാരോയ്ക്ക് അഭിനന്ദനമറിയിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ഇന്ത്യ-ഫിലിപ്പീൻസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സഹകരണം തുടരുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## INDIA - SINGAPORE

വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി. കുമാരൻ ന്യൂഡൽഹിയിൽ സിംഗപ്പൂർ വിദേശകാര്യ മന്ത്രാലയത്തിലെ സ്ഥിരം സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും സിംഗപ്പൂരും തമ്മിലുള്ള, വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണം സംബന്ധിച്ച് ഇരുവരും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## MANDAVIYA ELI (INTRO)

എംപ്ലോയ്മെന്റ് ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയിലൂടെ അടുത്ത നാല് വർഷത്തിനുള്ളിൽ ജീവനക്കാർക്കും തൊഴിലുടമകൾക്കും ഒരു ലക്ഷം കോടി രൂപ നൽകുമെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. രാജ്യത്തെ എല്ലാ മേഖലകളിലും തൊഴിവസരങ്ങൾ വർധിപ്പിക്കാനുള്ള ഇഎൽഐ സ്കീമിന് ഇന്നലെയാണ് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത്.

ഒരു റിപ്പോർട്ട്
(വോയ്സ്)

## MANDAVIYA ELI (VOICE)

2024-25 ലെ കേന്ദ്ര ബജറ്റിലാണ് യുവാക്കൾക്ക് തൊഴിൽ, നൈപുണ്യ അവസരങ്ങൾ സുഗമമാക്കുന്നതിനായി ഇഎൽഐ സ്കീം പ്രഖ്യാപിച്ചത്. രാജ്യത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, സാമൂഹിക സുരക്ഷ വ്യാപിപ്പിക്കുക, ഉൽപ്പാദന മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. കേന്ദ്രസർക്കാരിന്റെ തൊഴിൽ കേന്ദ്രീകൃത നയത്തിന്റെ ഫലമാണ് ഇഎൽഐ പദ്ധതിയെന്ന് കേന്ദ്രമന്ത്രി മൺസൂഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ്- മൺസൂഖ് മാണ്ഡവ്യ)

പദ്ധതി പ്രകാരം പുതുതായി ജോലിയിൽ പ്രവേശിക്കുന്ന വ്യക്തിക്ക് പ്രതിവർഷം രണ്ടുതവണ ഏഴായിരത്തി അഞ്ഞൂറ് രൂപ നൽകുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. 2025 ഓഗസ്റ്റ് 1 നും, 2027

ജൂലൈ 31 നും ഇടയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലുകൾക്കാകും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. ആദ്യമായി ജോലി ചെയ്യുന്നവർക്ക് സാമ്പത്തിക സഹായവും പദ്ധതി വാഗ്ദാനം ചെയ്യുന്നു. ഇഎൽഐ സ്കീമിലൂടെ ഏകദേശം 2.60 കോടി അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. എല്ലാ തൊഴിൽ മേഖലകളിലും ഈ പദ്ധതി വ്യാപിക്കുന്നതോടെ വിപ്ലവകരമായ മാറ്റങ്ങൾക്കാകും രാജ്യം സാക്ഷ്യം വഹിക്കുക .

&&&&&&&&&&&&&&&&&&

## NATIONAL HERALD

നാഷണൽ ഹെറാൾഡ് പത്രത്തിന്റെ 2,000 കോടി രൂപയുടെ ആസ്തികൾ കോൺഗ്രസ് പാർട്ടി തട്ടിയെടുക്കാൻ ശ്രമിക്കുന്നതായി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. ഇത് സംബന്ധിച്ച് കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയ ഗാന്ധിയും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഗൂഢാലോചന നടത്തിയതായി റൗസ് അവന്യു കോടതിയിൽ ഇഡി വാദിച്ചു. അഡീഷണൽ സോളിസിറ്റർ ജനറൽ എസ് വി. രാജുവാണ് ഇഡിക്കായി ഹാജരായത്. പ്രത്യേക സിബിഐ ജഡ്ജി വിശാൽ ഗോഗ്നെയാണ് കേസ് പരിഗണിക്കുന്നത്.

&&&&&&&&&&&&&&&&&&

## OM BIRLA-CONFERENCE

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ പങ്കെടുക്കുന്ന ദേശീയസമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള നാളെ ഉദ്ഘാടനം ചെയ്യും. ജനാധിപത്യവും രാഷ്ട്രനിർമ്മാണവും ശക്തിപ്പെടുത്തുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം. ഹരിയാനയിലെ മനേസറിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ, ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള മികച്ച രീതികൾ, നഗര ഭരണത്തിനായുള്ള നൂതന സമീപനം, പൊതുവിതരണ

സംവിധാനവും പൗരന്മാരുടെ ജീവിത നിലവാരവും മെച്ചപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## IRANIAN PRESIDENT - IAEA (INTRO)

അന്താരാഷ്ട്ര ആണവോർജ ഏജൻസിയുമായുള്ള സഹകരണം അവസാനിപ്പിച്ച് ഇറാൻ. കഴിഞ്ഞ മാസം ഇറാൻ ആണവകേന്ദ്രങ്ങൾ ലക്ഷ്യമിട്ട് യു.എസ് നടത്തിയ വ്യോമാക്രമണങ്ങളെ തുടർന്നാണ് ഇറാന്റെ നീക്കം.

**വിശദാംശങ്ങളിലേക്ക്..........**

**(വോയ്സ്)**

## IRANIAN PRESIDENT - IAEA (VOICE)

IAEA യുമായുള്ള സഹകരണം താൽക്കാലികമായി നിർത്തിവയ്ക്കുന്ന ബില്ലിൽ ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാൻ ഒപ്പു വച്ചതായ വാർത്ത ഇറാന്റെ ഔദ്യോഗിക മാധ്യമം സ്ഥിരീകരിച്ചു. കഴിഞ്ഞ ആഴ്ചയാണ് പാർലമെന്റ് ബിൽ പാസാക്കിയത്. പാർലമെന്റിലെ 290 അംഗങ്ങളിൽ 221 പേരും ബില്ലിനെ പിന്തുണച്ച് വോട്ട് ചെയ്തു. ആണവ പദ്ധതികളിൽ അന്താരാഷ്ട്ര ആണവോർജ ഏജൻസി അധികൃതരുടെ പരിശോധനകളും പ്രവേശനവും വിലക്കുന്നതാണ് ബിൽ. കഴിഞ്ഞ മാസം 13 ന് ഇറാൻ ആണവകേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രായേൽ മിസൈൽ ആക്രമണം നടത്തിയതോടെയാണ് ഇറാൻ നിലപാട് കടുപ്പിച്ചത്. തുടർന്ന് ഇറാൻ ശക്തമായി തിരിച്ചടിച്ചെങ്കിലും 22 ന് ഫോർഡോ, നതാൻസ്, ഇസ്ഫഹാൻ എന്നീ പ്രധാന ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യു.എസ് സൈന്യം വ്യോമാക്രമണം നടത്തുകയും ഇതിന് മറുപടിയായി ഖത്തറിലെ യുഎസ് സൈനിക താവളം ഇറാൻ ആക്രമിക്കുകയും ചെയ്തിരുന്നു. അതിനിടെ, വിദേശരാജ്യങ്ങൾക്ക് ആയുധ സഹായം നൽകുന്ന വിഷയത്തിൽ പുനഃപരിശോധന നടത്താനുമുള്ള നീക്കങ്ങളും യുഎസ് ഭരണകൂടം ആരംഭിച്ചു. എന്നാൽ, അടുത്തിടെയുണ്ടായ സംഘർഷങ്ങളുമായി ഈ നടപടികൾക്ക് ബന്ധമില്ലെന്നാണ് നയതന്ത്ര വിലയിരുത്തൽ.

**ന്യൂസ്ഡെസ്ക് ആകാശവാണി........**

&&&&&&&&&&&&&&&&&&

## US - UKRAINE AID

യുക്രൈനുവേണ്ടിയുള്ള ആയുധ സഹായം ഭാഗികമായി മരവിപ്പിച്ച് യു.എസ്. വിദേശരാജ്യങ്ങൾക്ക് നൽകുന്ന ആയുധസഹായത്തിൽ യുഎസ് ഭരണകൂടം നടത്തുന്ന പുനഃപരിശോധനയുടെ ഭാഗമായാണ് നടപടി. വ്യോമപ്രതിരോധ സംവിധാനത്തിൽ ഉപയോഗിക്കുന്ന മിസൈലുകൾ ഉൾപ്പെടെയുള്ള നിർണായക ആയുധ സഹായമാണ് യു.എസ് മരവിപ്പിച്ചത്. അമേരിക്കൻ താത്പര്യങ്ങളെ മുൻനിർത്തിയാണ് തീരുമാനമെന്നാണ് വൈറ്റ് ഹൗസ് ഡെപ്യൂട്ടി പ്രസ് സെക്രട്ടറി അന്ന കെല്ലി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 288 പോയിന്റ് ഇടിഞ്ഞ് 83410 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 88 പോയിന്റ് നഷ്ടത്തിൽ 25453 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കൂടി. ഗ്രാമിന് 45 രൂപ വർധിച്ച് 9,065 രൂപയും, പവന് 72,520 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## IMD - WEATHER

മധ്യപ്രദേശ്, വിദർഭ, ഛത്തീസ്ഗഢ്, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ അടുത്ത അഞ്ച് ദിവസം കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, കൊങ്കൺ, ഗോവ, ഗുജറാത്ത് എന്നിവിടങ്ങളിലും കിഴക്കൻ രാജസ്ഥാനിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ മഴ സാധ്യത കണക്കിലെടുത്ത് കേരളത്തിൽ നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## HIMACHAL WEATHER

ഹിമാചൽ പ്രദേശിൽ മഴക്കെടുതിയിൽ മരിച്ചവരുടെ എണ്ണം 50 കടന്നു. 22 ഓളം പേരെ കാണാതായി. 12 ജില്ലകളിലാണ് മഴക്കെടുതി രൂക്ഷം. മുഖ്യമന്ത്രി സുഖ്വീന്ദർ സിംഗ് സുഖു,

മാണ്ഡിയിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

&&&&&&&&&&&&&&&&&&

**CM - KOTTARAKARA**

കഴിഞ്ഞ ഒമ്പത് വർഷം കൊണ്ട് സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് മുഖേന 6000 കോടി രൂപയുടെ നിക്ഷേപം എത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ക്യാമ്പസ് കൊല്ലം കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. IT വ്യവസായത്തിൽ സംസ്ഥാനം വലിയ മുന്നേറ്റം കൈവരിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. വ്യവസായ മേഖലയ്ക്ക് ഗുണകരമായ രീതിയിലാണ് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല വികസിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEAD LINE – 3**

**KERALA UNIVERSITY SUSPENSION**

കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ ഗവർണർ പങ്കെടുത്ത പരിപാടിയ്ക്ക് അനുമതി നിഷേധിച്ചെന്ന് ചൂണ്ടിക്കാട്ടി സർവകലാശാല രജിസ്ട്രാർക്ക് സസ്പെൻഷൻ. ഗവർണറോട് അനാദരവ് കാണിച്ചെന്ന് അന്വേഷണ റിപ്പോർട്ടിൽ വ്യക്തമായതിനെ തുടർന്നാണ് രജിസ്ട്രാർ കെ.എസ്. അനിൽകുമാറിനെ സസ്പെൻഡ് ചെയ്തതെന്ന് വിസി ഡോ. മോഹൻ കുന്നുമ്മൽ വിശദീകരണം നൽകി. പത്മനാഭ സേവാസമിതി സംഘടിപ്പിച്ച പരിപാടിയിൽ കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം ഉപയോഗിച്ചതിനെ തുടർന്ന് പരിപാടിക്ക് രജിസ്ട്രാർ അനുമതി നിഷേധിക്കുകയും ഡിജിപിക്ക് പരാതി നൽകുകയും ചെയ്തിരുന്നു. വിഷയത്തിൽ വൈസ് ചാൻസലർ അമിതാധികാരം ഉപയോഗിച്ചതായി മന്ത്രി ആർ ബിന്ദു പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**BADMINTON- CANADA OPEN**

ഒന്റാറിയോയിൽ നടക്കുന്ന കാനഡ ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസ് യോഗ്യത റൗണ്ടിൽ ഇന്ത്യയുടെ ഇറ ശർമ്മ ജർമ്മനിയുടെ മിറാൻഡ വിൽസണെ 2-0 ന് പരാജയപ്പെടുത്തി. നാളെ നടക്കുന്ന മത്സരത്തിൽ ഇറ, ബൾഗേറിയൻ താരം കലോയാന നൽബന്റോവയെ നേരിടും.

&&&&&&&&&&&&&&&&&

**HEAD LINE – 5**

**CRICKET**

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരായ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 43 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 154 റൺസ് എന്ന നിലയിലാണ്. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇംഗ്ലണ്ടിനായിരുന്നു ജയം.

&&&&&&&&&&&&&&&&&

**RURAL SANITHATION**

കേന്ദ്ര ജലശക്തി മന്ത്രാലയവും ശുചിത്വ വകുപ്പും യൂണിസെഫ് ഇന്ത്യയും സംയുക്തമായി ന്യൂഡൽഹിയിൽ ദേശീയ ഗ്രാമീണ ശുചിത്വ ശില്പശാല സംഘടിപ്പിച്ചു. കാലാവസ്ഥാ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമായ ശുചിത്വ സംവിധാനങ്ങൾക്കും ഗ്രാമീണ ശുചീകരണ തൊഴിലാളികളുടെ സുരക്ഷയ്ക്കുമായി പുതിയ ചട്ടങ്ങൾ ചടങ്ങിൽ പുറത്തിറക്കി. മുതിർന്ന ഉദ്യോഗസ്ഥർ, സംസ്ഥാന മിഷൻ ഡയറക്ടർമാർ, മേഖലയിലെ വിദഗ്ധർ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&